## പതിനാലാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ- 1129 02/05/2017-ൽ മറുപടിക്ക്

### സമഗ്ര കാർഷിക നയം

**ചോദ്യം**

ശ്രീ. സണ്ണി ജോസഫ്
ശ്രീ. റോജി എം. ജോൺ
ശ്രീ. എ.പി. അനിൽ കുമാർ
ശ്രീ. വി.ടി. ബൽറാം

**ഉത്തരം**

ശ്രീ. വി.എസ് .സുനിൽ കുമാർ
ബഹു. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് സമഗ്ര കാർഷിക നയം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | എ)<br>ബി)<br>സി) | കഴിഞ്ഞ എൽ.ഡി.എഫ് ഭരണകാലത്ത് നിയമസഭയിൽ അവതരിപ്പിച്ച് അംഗീകരിച്ച ജൈവ കാർഷിക നയം തന്നെയാണ് ഈ സർക്കാരും പിൻതുടരുന്നത്. കാർഷിക മേഖലയുടെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിച്ചും കാർഷിക വിളകളുടെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ അനന്യ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തിയും കർഷകനെ കടക്കെണിയിൽനിന്നും രക്ഷിക്കുന്നതിനും കാർഷിക മേഖലയുടെ വികസനവും അഭിവൃദ്ധിയും ഉറപ്പുവരുത്തുന്നതിനും സഹായകരമായ കാര്യങ്ങളാണ് നയത്തിൽ ഉൾപെടുത്താൻ ഉദ്ദേശിക്കുന്നത്. ജൈവ കാർഷിക രംഗത്ത് ദേശീയ തലത്തിലും അന്താരാഷ്ട്ര തലത്തിലും ഉണ്ടായിട്ടുളള നൂതന മാറ്റങ്ങൾ കൂടി ഉൾപ്പെടുത്തികൊണ്ടുളള പുതുക്കിയ ജൈവ കാർഷിക നയം രൂപീകരിച്ച് നടപ്പിലാക്കുവാനുളള നടപടികൾ പുരോഗമിച്ചുവരുന്നു. |
| (ബി) | സംസ്ഥാനത്ത് കാർഷിക മേഖലയുടെ വികസനത്തിനും അഭിവൃദ്ധിക്കും എന്തെല്ലാം കാര്യങ്ങളാണ് നയത്തിൽ ഉൾ പ്പടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വെളിപെടുത്തുമോ? | | |
| (സി) | എന്നത്തേയ്ക്ക് നയം പ്രഖ്യാപിക്കാനാകും എന്നാണ് കരുതുന്നത്, വിശദംശങ്ങൾ എന്തെല്ലാം? | | |

സെക്ഷൻ ഓഫീസർ